# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത*
*ചോദ്യം നമ്പർ : 3459*

*22/08/2017-ലെ മറുപടി*

## *തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ ജലപാത*

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. അബ്ദു റബ്ബ്<br>,, പി.ബി.അബ്ദുൽ റസ്സാക്ക്<br>,, എൻ.എ.നെല്ലിക്കുന്ന്<br>,, ടി.വി.ഇബ്രാഹീം | പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) |
| എ. സംസ്ഥാനത്തെ ജലപാതകൾ വികസിപ്പിച്ച് തിരുവനന്തപുരം മുതൽ കാസർഗോഡുവരെ ജലഗതാഗതം സാദ്ധ്യമാക്കുന്ന പദ്ധതിയുടെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ; | എ. തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർകോഡ് ജില്ലയിലെ നീലേശ്വരം വരെയുള്ള 590 കി.മീ. നീളം വരുന്ന വെസ്റ്റ് കോസ്റ്റ് കനാലിന്റെ നിലവിൽ കനാലുള്ള ഭാഗങ്ങൾ നവീകരിച്ചും പുതുതായി കനാൽ നിർമ്മിക്കേണ്ട ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുത്ത് കനാൽ നിർമ്മിച്ചും ജലപാത യാഥാർത്ഥ്യമാക്കുവാൻ സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്. കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീറ്റർ ദേശീയ ജലപാത ഗതാഗത യോഗ്യമാണ്. 2016 -ലെ കേന്ദ്ര സർക്കാർ വിജ്ഞാപന പ്രകാരം ദേശീയ ജലപാത കോഴിക്കോട്ടു വരെ നീട്ടിയിട്ടുണ്ട്. ഇതു കൂടാതെ 6 ഫീഡർ കനാലുകൾ കൂടി ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുണ്ട്. ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങളും സംരക്ഷണവും നവീകരണവും കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI) യുടെ കീഴിലാണ് നടപ്പിലാക്കി വരുന്നത്.<br><br>കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കി.മീ. ഉം, കോഴിക്കോട് മുതൽ നീലേശ്വരം വരെയുള്ള 188 കി.മീ. ഉം |

സംസ്ഥാന ജലപാതയാണ്. സംസ്ഥാന ജലപാതയുടെ വികസനപ്രവർത്തനങ്ങൾ സംസ്ഥാന സർക്കാരാണ് നടപ്പിലാക്കി വരുന്നത്. കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കി.മീ. ജലപാതയിൽ 27.50 കി.മീ. ഗതാഗത യോഗ്യമാണ്. 11.30 കി.മീ. ഭാഗികമായി ഗതാഗതയോഗ്യമാണ്. ശേഷിച്ച 16.14 കി.മീ. നീളം വരുന്ന പാർവ്വതി പുത്തനാറിന്റെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ചുകൊണ്ട് കനാലിന്റെ അതിർത്തി നിർണ്ണയിക്കൽ യുദ്ധകാലാടിസ്ഥാനത്തിൽ റവന്യൂ അധികൃതരുടെ നേതൃത്വത്തിൽ നടന്നു വരുന്നു. പാർവ്വതി പുത്തനാർ ശുചീകരിച്ച് നാവിഗേഷൻ കനാലായി വികസിപ്പിക്കുന്നതിന് 80 കോടി രൂപയുടെ പദ്ധതിയാണ് ഇപ്പോൾ പരിഗണനയിലുള്ളത്. വർക്കല തുരങ്കങ്ങൾ 14 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിനുള്ള പഠനങ്ങൾ നടന്നു വരുന്നു. കോഴിക്കോടിനും വടകരയ്ക്കുമിടയിൽ 38.3 കി.മീ. ജലപാതയിലെ ആഴം കുറഞ്ഞ ഭാഗങ്ങളായ ഇരഞ്ഞിക്കൽ, കോരപ്പുഴ കനാൽ വികസനത്തിനായി 6 കോടി രൂപയുടേയും പയ്യോളി കനാലിന്റെ വികസനത്തിനായി 6.50 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. വടകര മാഹി കനാൽ ദേശീയ ജലപാതാ നിലവാരത്തിൽ നിർമ്മിക്കുന്നതിനായി 5 റീച്ചുകളായി തിരിച്ച് നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. മാഹിയ്ക്കും വളപട്ടണത്തിനും ഇടയിലെ 3 അൺകട്ട് ഭാഗങ്ങളും നീലേശ്വരം മുതൽ കാസർഗോഡ് വരെയുള്ള അൺകട്ട് ഭാഗവും സ്ഥലം ഏറ്റെടുത്ത് പുതുതായി കനാൽ നിർമ്മക്കേണ്ടതുണ്ട്.

ജലപാതകൾ വികസിപ്പിച്ച് യാത്രയ്ക്കും ചരക്ക് ഗതാഗതത്തിനും വിനോദസഞ്ചാര

ത്തിനും പ്രയോജനപ്പെടുത്തുവാനുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും വികസന, പരിപാലന പ്രവർത്തനങ്ങൾ നടത്തുന്ന വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും സാങ്കേതിക വൈദഗ്ധ്യമുള്ള ഒരു സ്ഥാപനം അനിവാര്യമായ സാഹചര്യത്തിൽ എസ്.പി.വി. യായി ഒരു പ്രത്യേക പബ്ലിക് ലിമിറ്റഡ് കമ്പനി രൂപീകരിക്കുവാൻ ജി.ഒ. (എം.എസ്.) 02/17/സി.എസ്.ഐ.എൻ.ഡി. , 17/06/2017 തീയതി പ്രകാരം ഉത്തരവായിട്ടുണ്ട്.

**ബി.** ഇക്കാര്യത്തിൽ സമഗ്രമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ ;

**ബി.** ജലപാതകളുടെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ NATPAC പോലെയുള്ള ഏജൻസികൾ മുഖേന വിശദമായ പഠനം നടത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ആവശ്യമായ അംഗീകാരം നൽകിയാണ് നടപ്പാക്കി വരുന്നത്.

**സി.** മുൻ രാഷ്ട്രപതി ശ്രീ. എ.പി.ജെ. അബ്ദുൾ കലാം ജലപാതാ വികസനക്കാര്യത്തിൽ നിയമസഭ മുമ്പാകെ വച്ച നിർദ്ദേശങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ എത്രത്തോളം പരിഗണിച്ചിട്ടുണ്ട് എന്നതിന്റെ വിശദവിവരം നൽകാമോ ?

**സി.** ശ്രദ്ധയിൽപെട്ടിട്ടുണ്ട്; കേരളത്തിന്റെ സുസ്ഥിര വികസനത്തിന് മുൻ രാഷ്ട്രപതി ശ്രീ. എ.പി.ജെ. അബ്ദുൾ കലാം കേരള നിയമസഭ മുമ്പാകെ അവതരിപ്പിച്ച വിഷൻ 2020 -ൽ പത്തിന കർമ്മ പദ്ധതികൾ നിർദ്ദേശിക്കുകയുണ്ടായി. അതിൽ രണ്ടാമത്തെ ഇനമായ Development of Smart Waterways -യിൽ ഉൾപ്പെടുന്നതാണ് ജലപാതയുടെ നവീകരണവും വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ.

തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കൊല്ലം വരെയും, തൃശ്ശൂർ ജില്ലയിലെ കോട്ടപ്പുറം മുതൽ കാസർകോഡ് ജില്ലയിലെ നീലേശ്വരം വരെയുള്ള 422 കി.മീ. ജലപാതയാണ് സംസ്ഥാന ജലപാതയായി അംഗീകരിച്ചിരിക്കുന്നത്. കൊല്ലം മുതൽ തൃശ്ശൂർ

കോട്ടപ്പുറം വരെയുള്ള 168 കി.മീ. ദേശീയപാതയും ഉൾപ്പെട്ടതാണ് വെസ്റ്റ്കോസ്റ്റ് കനാൽ. 2016 -ലെ കേന്ദ്രസർക്കാർ വിജ്ഞാപനം പ്രകാരം ദേശിയ ജലപാത കോഴിക്കോട് വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

വെസ്റ്റ്കോസ്റ്റ് കനാൽ കോവളം മുതൽ നീലേശ്വരം വരെയും പൂർത്തീകരിക്കുന്നതിലേയ്ക്ക് വിവിധ ഭാഗങ്ങളിൽ കനാൽ നിർമ്മാണം ആവശ്യമായി വന്നിട്ടുണ്ട്. വടകര മുതൽ മാഹിവരെയുള്ള ഭാഗത്തെ കനാൽ നിർമ്മാണം നടപ്പിലാക്കിവരുന്നു. മാഹിയ്ക്കും വളപട്ടണത്തിനും ഇടയിലുള്ള ഭാഗത്ത് കനാൽ നിർമ്മാണത്തിനുള്ള പര്യവേക്ഷണ പ്രവർത്തനങ്ങൾ നടക്കുന്നു. കൂടാതെ വിവിധ ഭാഗങ്ങളിലെ നവീകണ പ്രവർത്തനങ്ങൾ ആഴം വർദ്ധിപ്പിക്കൽ, വശങ്ങളിലെ സംരക്ഷണ പണികൾ, ബോട്ട്ജെട്ടികളുടെ നിർമ്മാണം മുതലായവ പുരോഗതിയിലാണ്.

കോട്ടപ്പുറം - നീലേശ്വരം ജലപാത കാസർഗോഡ് വരെ നീട്ടുന്നതിന്റെ ഭാഗമായി ഹോസ്ദുർഗ്ഗ് വരെയുള്ള പര്യവേക്ഷണ പ്രവൃത്തികൾ നടപ്പാക്കിവരുന്നു. ഹോസ്ദുർഗ്ഗ് മുതൽ കാസർഗോഡ് വരെയുള്ള ഭാഗത്തിന്റെ വികസനവുമായി ബന്ധപ്പെട്ട പര്യവേക്ഷണ പ്രവൃത്തികൾ നടന്നുവരുന്നു.

**സെക്ഷൻ ഓഫീസർ**